കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വണ്ടൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/1822/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.30-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

വണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വണ്ടൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

**********************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

**3)കാര്യാലയ പകർപ്പ്.**

എം.എ.9/17

നം.കെ.എസ്.എ.എം.പി.എം.6/1822/2017 തിയ്യതി:30-08-2017

## മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2016 മുതൽ 24.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-07-2017 മുതൽ 02-08-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൽ സത്താർ.സി.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|

| | |
|---|---|
| ശ്രീമതി.റോഷ്നി. കെ .ബാബു | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.പ്രേമചന്ദ്രൻ.ആർ | 01.04.2016 മുതൽ 31.05.2016 വരെ |
| ശ്രീ.രാഘവൻ.പി.പി( ചാർജ്ജ്) | 01.06.2016 മുതൽ 22.07.2016 വരെ |
| ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ് | 23.07.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പ്രേമചന്ദ്രൻ.ആർ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ.രാഘവൻ.പി.പി (ചാർജ്ജ്) | 01.06.2016 മുതൽ 22.07.2016 വരെ |
| | ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ് | 23.07.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.രാഘവൻ.പി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.രഘു.പി | 01.04.2016 മുതൽ 07.07.2016 വരെ |
| | ശ്രീ.മുഹമ്മദ് അൻസാർ.പി.കെ | 08.07.2016 മുതൽ 05.02.2017 വരെ |
| | ശ്രീ.സുബിൻ .എസ് | 06.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫിലോമിന തോമസ് | 01.04.2016 മുതൽ 14.09.2016 വരെ |
| | ഡോ.ജയരാജൻ.പി | 15.09.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി വിജയകുമാരി കെ.പി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുനിൽബാബു.പി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.സി.ടി.പി അബ്ദുൾ ഗഫൂർ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജയഗീത കെ.എം | 01.04.2016 മുതൽ 29.06.2016 വരെ |
| | ശ്രീമതി. ഹസ്ന കെ.ടി | 30.06.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുബൈർ ബാബു കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. അബ്ദുൽ റഷീദ്.കെ.എം | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം.


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | കെട്ടിടനിർമ്മാണ പെർമിറ്റ് - വിവിധ അപാകതകൾ. | 2-1 | |
| 13 | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ തെറ്റായി രേഖപ്പെടുത്തി പെർമിറ്റ് നൽകി. | 2-2 | |
| 14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 2-3 | |
| 15 | ക്രമവൽക്കരണ ഫീസ് ഈടാക്കിയതിലെ അപാകത. | 2-4 | |
| 16 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. | 2-5 | |
| 17 | തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്. | 2-6 | |
| 18 | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച്. | 2-7 | |
| 19 | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച്. | 2-8 | |
| 20 | വാഹനസ്റ്റാന്റുകളിലെ സൌകര്യങ്ങൾ പഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല. | 2-9 | |
| | ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | വായനശാലകളിൽ പത്രം നൽകുന്നത് ക്രമപ്രകാരമല്ല. | 3-1 | |
| 22 | മാലിന്യസംസ്കരണം (പൈപ്പ് കമ്പോസ്റ്റ്) എന്ന പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 3-2 | |

| | | | |
|---|---|---|---|
| 23 | വെള്ളക്കരം അടവ് സംബന്ധിച്ച തർക്കം പരിഹരിക്കേണ്ടതാണ്. | 3-3 | |
| 24 | പരിരക്ഷ പദ്ധതി - അപാകതകൾ സംബന്ധിച്ച്. | 3-4 | |
| 25 | തെരുവു നായ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാ പഞ്ചായത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ പദ്ധതി - അപാകതകൾ സംബന്ധിച്ച്. | 3-5 | |
| 26 | തുല്യതാ പരീക്ഷ - നിർവഹണത്തിലെ അപാകതകൾ. | 3-6 | |
| 27 | അസിസ്റ്റന്റ് എഞ്ചിനിയർ: രജിസ്റ്ററുകളിലെ അപാകതകൾ. | 3-7 | |
| 28 | അസിസ്റ്റന്റ് എഞ്ചിനിയരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്. | 3-8 | |
| 29 | പ്രൊജക്ട് നം. 142/17ഊട്ടുപുറം അങ്കണവാടി റോഡ് മെറ്റലിങ്. :അപാകതൾ. | 3-9 | |
| 30 | പ്രൊജക്ട് നം. 210/17വലിയ പൊയിൽ മുതുകാാട് റോഡ് കോൺക്രീറ്റ്. :അപാകതൾ. | 3-10 | |
| 31 | ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കൽ. | 3-11 | |
| 32 | പ്രൊജക്ട് നം. 213/17ഊട്ടുപുറം റോഡ് കോൺക്രീറ്റ് :അപാകതൾ. | 3-12 | |
| 33 | ഫണ്ട് വിനിയോഗം ഫലപ്രദമല്ലാത്തതിനാൽ തുക നഷ്ടപ്പെടുന്നു. | 3-13 | |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ- അപാകതകൾ | 3-14 | |
| | | | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം -1

# പൊതു അവലോകനം

# 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 02.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 01.07.2017 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരങ്ങൾ.

<u>വാർഷിക കണക്കിലെ അപാകതകൾ.</u>

1).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരം കാളയളവ് അവസാനിക്കുമ്പോൾ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).2012-13 വർഷത്തെ ആസ്തി രജിസ്റ്റർ ആണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. തുടർന്നുള്ള ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4).ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 1,83,495/- രൂപ തൻവർഷത്തെ പെർമിറ്റ് ഫീസ് വരവായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

5).ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 1,250/- രൂപ തൻവർഷത്തെ തൊഴിൽ നികുതി വരവായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

6). തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദവിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 2706870 | 2685480 | 21390 |
| വാർഷിക കണക്ക് പ്രകാരം | 2685480 | 2665630 | 0 |

7).വണ്ടൂർ സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ.4172 ന്റെ 31.03.2017 ലെ നീക്കിയിരിപ്പ്, ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 34413908 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 34107256 |
| വ്യത്യാസം | 306652 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24050976 |

| | |
|---|---|
| വരവ് | 83748445 |
| ആകെ | 107799421 |
| ചെലവ് | 69151012 |
| നീക്കിയിരുപ്പ് | 38648409 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (ലാപ്സ് ആയത്) | ചെലവ് ശതമാനം | 40(b)പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19847427 | 19847427 | 14687668 | 5159759 | 84.36 % | 0 |
| വികസന ഫണ്ട് (SCP) | 0 | 11804877 | 11804877 | 5777737 | 6027140 | 42.21 % | 0 |
| വികസന ഫണ്ട് (TSP) | 0 | 127743 | 127743 | 127743 | 0 | 100 % | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7625721 | 7625721 | 1648779 | 5976942 | 40.08 % | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5741589 | 5741589 | 1280548 | 4461041 | 5.75 % | 0 |
| 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10094123 | 10094123 | 6102585 | 3991538 | 87.80 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 5828930 | 5828930 | 0 | 5828930 | 0 % | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 2145 | 29175096 | 29177241 | 29171483 | 0 | 99.98% | 5758 |
| ബി ഫണ്ട് | 0 | 61965015 | 61965015 | 61965015 | 0 | 100% | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 85861736 | 94 | 43613872 | 10 | 135 | 39.33 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

# 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9409348 | 11273192 | (+)1863844 | (+) 19.80 % |
| നികുതിയേതര വരവുകൾ | 4298513 | 4289192 | (-) 9321 | (-) 0.21 % |
| ആകെ | 13707861 | 15562384 | (+)1854523 | (+)13.52 % |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 676560 | 376 |
| കർഷകതൊഴിലാളി പെൻഷൻ | 4234150 | 454 |
| വിധവാപെൻഷൻ | 25328990 | 2304 |
| വാർദ്ധക്യകാലപെൻഷൻ | 23506090 | 2462 |
| വികലാംഗപെൻഷൻ | 6402835 | 670 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 1128390 | 111 |
| വിവാഹ ധനസഹായം | 680000 | 23 |

# 1-9 ക്യാഷ് വെരിഫിക്കേഷന്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 24,545/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1).ആസ്തി രജിസ്റ്റർ തൻവർഷം ചെയ്ത മരാമത്തു പ്രവൃത്തികളിലൂടെ ആർജിച്ചവയും, ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ പുതിയ വാങ്ങലുകളും ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

2).സാധനസാമഗ്രികൾ വാങ്ങിയാൽ ബില്ലിൽ എണ്ണം, ഗുണമേന്മ എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം, സ്റ്റോക്കിലെടുത്ത വിവരം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച സാക്ഷ്യ പത്രം രേഖപ്പെടുത്തണമെന്ന സ്റ്റോർ പർച്ചേസ് മാനുവൽ നിർദേശം പാലിക്കപ്പെടുന്നില്ല. വാർഷിക ആവശ്യകത നിർണയിക്കുന്നില്ല.

3)പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ബജറ്റ്, ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങി നിയമാനുസൃതം പരസ്യപ്പെടുത്തേണ്ട എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. വെബ്സൈറ്റിൽ ചേർക്കുന്ന വിവരങ്ങൾ എല്ലാവർക്കും കാണുവാൻ കഴിയുന്ന വിധം യൂനികോഡിലായിരിക്കണമെന്ന നിർദേശവും പാലിക്കേണ്ടതാണ്.

4). മെഡിക്കൽ ഓഫീസർമാർ പഞ്ചായത്തിനു നല്കുന്ന Annexure-C-VIII-ലുള്ള പ്രതിമാസ ചെലവു പത്രികയുടെ റിമാർക്സിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.2017 | 01.06.2017 മുതൽ 31.06.2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2017 മുതൽ 25.02.2017 വരെ | 2012 - 13 മുതൽ 2015 - 16 വരെ | 11.04.2017 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനിർമ്മാണ പെർമിറ്റ് - വിവിധ അപാകതകൾ.

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1).അധികനിർമ്മാണത്തിന്പെർമിറ്റ് അനുവദിക്കുന്നയവയിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ പെർമിറ്റ് അനുവദിക്കുന്ന വിസ്തൃതിയുടേയും, ഫ്ലോറുകളുടെയും വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളു. കെട്ടിടത്തിന്റെ വിനിയോഗം, നിലവിലുള്ളതും അധിക നിർമ്മാണം നടത്തുന്നതുമായ ആകെ ഫ്ലോറുകളുടെ എണ്ണം, വിസ്തൃതി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

2). 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 91 പ്രകാരം കിണർ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഒരു കിണറിന് പോലും പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.കെട്ടിടനിർമ്മാണപെർമിറ്റിനുള്ള അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട പ്ലാനുകളിൽ കിണർ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, കിണർ നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. അപേക്ഷയുടെ കൂടെയുള്ള നിർദ്ദിഷ്ട പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുള്ള കെട്ടിടനിർമ്മാണ പെർമിറ്റിൽ കിണർ നിർമ്മാണത്തിനുള്ള അനുമതി ഉൾപ്പെടുത്തിയിട്ടുമില്ല.

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 2-2 കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ തെറ്റായി രേഖപ്പെടുത്തി പെർമിറ്റ് നൽകി.

1). ശ്രീ.സൻജിത്.എം, മഠത്തിൽ ഹൗസ്, വാണിയമ്പലം.പി.ഒ എന്നവർ 218.30 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിട നിർമ്മാണാനുമതിക്ക് വേണ്ടി 19.12.2016 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷ പ്രകാരം 27.02.2017 ന് A2-9746/16 നമ്പർ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും അപേക്ഷയിലെ പ്ലിന്ത് ഏരിയ പ്രകാരം പെർമിറ്റ്ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ പെർമിറ്റിൽ തറവിസ്തീർണ്ണമായി കാണിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 130.66 ച.മീറ്റർ |
| ഫസ്റ്റ് ഫ്ലോർ | 87.64 ച.മീറ്റർ |
| ആകെ | 218.30 ച.മീറ്റർ |

| ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 104.52 ച.മീറ്റർ |
| ഫസ്റ്റ് ഫ്ലോർ | 70.11 ച.മീറ്റർ |
| ആകെ | 174.63 ച.മീറ്റർ |

2). ശ്രീ.അലവി കുരിക്കൾ, കുരിക്കൾ ഹൗസ്, കൂരാട് എന്നവരുടെ 07.11.2016 ലെ അപേക്ഷ പ്രകാരം, അനുവദിച്ച വാസഗൃഹ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റിൽ അപേക്ഷയിലെ ഏരിയക്ക് അനുസൃതമായി ഫീസ് ഈടാക്കിയെങ്കിലും (പെർമിറ്റ് നമ്പർ.A2-8011/16 തിയ്യതി.15.11.2016) കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, അംഗീകൃത പ്ലാനിൽ നിന്നും വിത്യസ്തമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 143.90 ച.മീറ്റർ |
| ഫസ്റ്റ് ഫ്ലോർ | 85.64 ച.മീറ്റർ |
| ആകെ | 229.54 ച.മീറ്റർ |

| ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 131.70 ച.മീറ്റർ |
| ഫസ്റ്റ് ഫ്ലോർ | 83.27 ച.മീറ്റർ |
| ആകെ | 214.00 ച.മീറ്റർ |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം-11/01-08-2016)

## 2-3 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

ഗോഡൗൺ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 31.10.2016 ന് ശ്രീ.വി.പി.സുബ്രഹ്മണ്യൻ & പങ്കജം, വലിയപറമ്പത്ത് ഹൗസ്, അമരമ്പലം സൗത്ത്.പി.ഒ എന്നവരുടെ 66.51 ച.മീറ്റർ തറവിസ്തീർണ്ണമുള്ള ഗോഡൗൺ ആവശ്യത്തിനുള്ള കെട്ടിടത്തിന് 10 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 1476 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | WP V/46A |
| തറവിസ്തീർണ്ണം | 66.51ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 66.51 * 30) | 1996 രൂപ |
| (-) ഇളവ് - 20 % (മേഖല – തൃതീയം ) | 400 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 400 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 1996 രൂപ |
| ഈടാക്കിയ വസ്തുനികുതി | 666 രൂപ. |
| ഈടാക്കിയതിൽ കുറവ് | 1330 രൂപ. |

| | |
|---|---|
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1996 * 5%) | 100രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 34 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 66രൂപ. |

| | |
|---|---|
| ഈടാക്കേണ്ട സേവന നികുതി (1996 * 6%) | 120രൂപ |
| ഈടാക്കിയ സേവന നികുതി | 40 രൂപ |
| സേവന നികുതി ഈടാക്കിയതിൽ കുറവ് | 80 രൂപ |
| ആകെ നഷ്ടം (1330 + 66 + 80 ) | 1476 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ ആവശ്യപ്പെട്ടത് പ്രകാരം (ഓഡിറ്റ് എൻക്വയറി നമ്പർ.09/01.08.2017), വസ്തുനികുതി പുനർനിർണ്ണയിക്കുകയും 02.08.2017 ന് രശീതി നമ്പർ.117040103294 പ്രകാരം 1476/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്.

## 2-4 ക്രമവൽക്കരണ ഫീസ് ഈടാക്കിയതിലെ അപാകത.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 10 (xiii) പ്രകാരം, ഒരു പ്ലോട്ടിനുള്ളിലെ നിലവിലുള്ളതും നിർദ്ദിഷ്ടവും ഉൾപ്പെടെ, എല്ലാ നിലകളിലും മൊത്തം നിർമ്മിതി വിസ്തീർണ്ണം 100 ച.മീറ്റർ വരെയുള്ള കാറ്റഗറി II പഞ്ചായത്തുകളിൽ പെട്ടതും രണ്ട് നിലയിൽ കവിയാത്തതുമായ ഗ്രൂപ്പ് A1 താമസാവശ്യ വിനിയോഗത്തിലുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമില്ല. ഇപ്രകാരമുള്ള

കെട്ടിടനിർമ്മാണത്തിന്, ജോലികൾ ആരംഭിക്കുന്നതിന് 10 ദിവസത്തിന് മുമ്പ് വിശദവിവരങ്ങൾ സഹിതം സെക്രട്ടറിയെ അറിയിച്ചാൽ മതി. 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടനിർമ്മാണത്തിന് ഇന്റിമേഷൻ സമർപ്പിക്കുകയും, പിന്നീട് നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പർ അനുവദിക്കുകയും ചെയ്യുമ്പോൾ 100 ച.മീറ്ററിൽ അധികരിച്ചിട്ടുള്ള കെട്ടിടനിർമ്മാണത്തിന് ഇന്റിമേഷനിൽ കാണിച്ചിട്ടുള്ള തറവിസ്തീർണ്ണം കുറവ് ചെയ്ത് ബാക്കിയുള്ള വിസ്തൃതിക്ക് മാത്രമാണ് ഗ്രാമപഞ്ചായത്ത് ക്രമവൽക്കരണ ഫീസ് ഈടാക്കുന്നത്. ഇത് ക്രമവിരുദ്ധമാണ്. നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ വിസ്തൃതിക്കും ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമനമ്പർ | അപേക്ഷകന്റെ പേരും, വിവരവും | തറ വിസ്തൃതി (ച.മീ) | ഈടാക്കേണ്ട ഫീസ്@3/ച.മീ. | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | കുഞ്ഞലവി, ചെഞ്ചറ<br>WP V/575 B<br>( തിയ്യതി: 28.07.2016) | 132.54 | 132.54 x 9<br>1193 | 621<br>69 x 9 | 572 |
| 2 | സമീർ ബാബു.ടി, തയ്യിൽ<br>WP XIX/411 A<br>( തിയ്യതി: 20.12.2016) | 203.70 | 1834<br>203.7 x 9 | 981<br>(109 x 9) | 853 |
| 3 | ഷിജു, പാലാടൻ<br>WP II/451 A<br>( തിയ്യതി:03.06.2016) | 209.71 | 1888<br>209.71 x 9 | 774<br>(86 x 9) | 1114 |
| ആകെ | | 545.95 | 4915 | 2376 | 2539 |

അപാകത പരിഹരിച്ച് നഷ്ടതുക ഈടാക്കേണ്ടതാണ്.

# 2-5 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമവിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും BSNL സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം24/02/08/2017ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-6 തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം-13 പ്രകാരം സെക്രട്ടറിക്ക് ഓരോ കെട്ടിടവും വാടകക്ക് നൽകിയ ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം വാടകക്ക് നൽകിയിട്ടുള്ളത് ഏത് ഉപയോഗത്തിനാണ് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും

ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നും ആവശ്യപ്പെടാവുന്നതാണെന്ന വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ 21,390 രൂപ കുടിശ്ശികയുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് -ഷെഡ്യൂൾ ബി 15 അനുസരിച്ച് 2500 രൂപ മാത്രമേ ബാലൻസ് ഉള്ളൂ. അപാകതക്ക് കാരണം വിശദമാക്കേണ്ടതും, കുടിശ്ശിക തുക കൃത്യമായി നിർണ്ണയിച്ച് പിരിച്ചെടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 ക്വാറികൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ.

1967 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് പ്രകാരം സ്വകാര്യ സ്ഥലത്ത് ക്വാറി തുടങ്ങുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിപത്രം ആവശ്യമുണ്ട് . 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് നാല് പ്രകാരം അപ്രകാരം ജിയോളജി വകുപ്പിൽ നിന്നും നൽകുന്ന പെർമിറ്റിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനത്തിന് അയച്ചു കൊടുക്കുന്നതാണ്. താഴെ പറയുന്ന വ്യക്തികൾക്ക് ജിയോളജി വകുപ്പിൽ നിന്നും നൽകിയ പ്രവർത്തനാനുമതി പത്രത്തിനു വിരുദ്ധമായി വർഷം മുഴുവൻ പ്രവർത്തികുവാൻ അനുമതി നൽകിയതായി കാണുന്നു.കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | ജോസ് കുട്ടി,s/o ജോസഫ് കൊച്ചങ്ങാടിയിൽ ഹൌസ്,കുരാട്,വാണിയമ്പലം | ജിയോളജിസ്റ്റ്, ജില്ലാ ജിയോളജി & മൈനിംഗ് കാര്യാലയം ,മഞ്ചേരിയിൽ നിന്നും നൽകിയ നം.123//2015-16/GR/DOM/M-2950/2015 തി.8.2.2016 കത്ത് പ്രകാരം 7/02/2017 വരെയാണ് പ്രവർത്തനാനുമതി എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ പ്രവർത്തനാനുമതി നൽകി അപേക്ഷ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത് |
| 2 | കെ.ഉമ്മർ, കുമങ്ങാടൻ ഹൌസ്, മാട്ടക്കുളം | • ജിയോളജിസ്റ്റ്, ജില്ലാ ജിയോളജി & മൈനിംഗ് കാര്യാലയം ,മഞ്ചേരിയിൽ നിന്നും നൽകിയ നം.186/2013-14/GR/DOM/M-3749/2013 തി.14.03.2014 കത്തിൽ പ്രകാരം 09.01.2015 വരെയാണ് പ്രവർത്തനാനുമതി എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ പ്രവർത്തനാനുമതി നൽകി |
| 3 | ടി.മോഹൻദാസ്, തച്ചംപള്ളി വീട്, കോഴിക്കോട് | • കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലാവധി 31.12.2016 വരെ മാത്രമാണുള്ളത് (File No.PCB/MLPM/10/2904/14 Dt: 07.04.2014) |

## 2-9 വാഹനസ്റ്റാന്റുകളിലെ സൗകര്യങ്ങൾ പഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 227,228,225 എന്നീ വകുപ്പുകൾ, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കമതി സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റ വാഹനസ്റ്റാന്റുകൾ) ചട്ടങ്ങൾ എന്നിവ പ്രകാരം പൊതുവായതും സ്വകാര്യ ഉടമസ്ഥതയിലും ഉള്ള സ്റ്റാന്റുകളും പാർക്കിംഗ് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങളും ഇറക്കുമതി സ്ഥലങ്ങളും വണ്ടിത്താവളങ്ങളും മറ്റും സ്ഥാപിതമായിട്ടുണ്ടോ എന്നും ഈ സ്ഥാപനങ്ങളിലും പൊതുസ്ഥാപനങ്ങളിലും നിയമങ്ങളും ചട്ടങ്ങളും നിഷ്കർഷിക്കുന്ന സൗകര്യങ്ങളും ഫീസ് നിരക്കുകളും പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, ഗ്രാമ പഞ്ചായത്തിൽ സ്വകാര്യ സ്റ്റാന്റുകൾ സ്ഥാപിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്.
വണ്ടൂരിൽ പഞ്ചായത്തിന്റെ രണ്ട് ബസ് സ്റ്റാന്റുകൾ ഉണ്ട്. പഞ്ചായത്ത് ഓഫീസിനടുത്തുള്ള ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ തീപ്പിടിച്ച് ഉപയോഗരഹിതമായിരിക്കുകയാണ്. ചട്ട പ്രകാരമുള്ള സൗകര്യങ്ങളും നിയന്ത്രണങ്ങളും പാലിച്ചതിന്റെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വായനശാലകളിൽ പത്രം നൽകുന്നത് ക്രമപ്രകാരമല്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 16 ഉപ വകുപ്പ് 4 (സി) പ്രകാരം സർക്കാർ അതാത് സമയം നിശ്ചയിച്ചേക്കാവുന്ന പരിധിവരെ കണ്ടിജന്റ് ചെലവ് ചെയ്യൽ പ്രസിഡന്റിന്റെ ചുമതലയാണ്. കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പടുത്താവുന്ന ഇനങ്ങളുടെയും ചെലവഴിക്കാവുന്ന തുകയുടെയും പരിധി സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 107/98/തഭവ തിയ്യതി 27. 5.98 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ചെലവാക്കുന്ന കണ്ടിജന്റ് ചെലവുകൾ ആഫീസ് കാര്യങ്ങൾക്ക വേണ്ടിയുള്ളതായിരിക്കണമെന്ന ഈ ഉത്തരവിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ വായനശാലകളിൽ പത്രം നൽകുന്നതിനുള്ള ചെലവ് കണ്ടിജന്റ് ചാർജ്ജുകളിൽ ഉൾപ്പടുത്തി വഹിക്കുന്നത് ക്രമപ്രകാരമല്ല. എന്നാൽ വണ്ടൂർ ഗ്രാമ പഞ്ചായത്ത് 2016-17-ൽ കണ്ടിജന്റ് ചാർജ്ജുകളിൽ ഉൾപ്പടുത്തി വായനശാലകളിൽ പത്രം നൽകുന്നതിനു താഴെ പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | വായനശാല | തുക |
|---|---|---|
| 21600041/18.4.16 | അംബേദ്ക്കർ സ്മാരക വായനശാല, ശാരിയിൽ | 1267 |
| 21600064/29.4.16 | കരുവാത്തൊടി പൈതൃകം ലൈബ്രറി | 2132 |
| 21600492/31.10.16 | ,, | 1166 |
| 21600493/31.10.16 | ഏറാംതൊടിക അബ്ദുൽഖാദർ സ്മാരക വായനശാല | 1362 |
| 21600531/7.11.16 | ചെട്ടിയാറമ്മൽ നവോദയ കലാസാംസ്കാരിക വേദി | 1166 |
| ,, | അമ്പലപ്പടി പ്രഭാത് വായനശാലക | 1166 |
| 21600686/12.1.2017 | വള്ളുവമ്പ്രം ഫ്രന്റ്സ് ആർട്സ് & സ്പോർട്സ് ക്ലബ്. | 1950 |
| 21600763/10.2.2017 | പുലരി വായനശാല | 2146 |
| ആകെ | | 12355 |

നിയമപരമല്ലാത്ത ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

## 3-2 മാലിന്യസംസ്ക്കരണം (പൈപ്പ് കമ്പോസ്റ്റ്) എന്ന പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷതെ പ്രൊജക്റ്റായ 43/17 ഉറവിട മാലിന്യസംസ്കരണം (പൈപ്പ് കമ്പോസ്റ്റ്) എന്ന പ്രൊജക്റ്റിൽ 1242000 രൂപ വകയിരുത്തി 1380 ഗുണഭോക്താക്കൾക്ക് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് നൽകാനാണ് വിഭാവനം ചെയ്തത്. എന്നാൽ ഈ പ്രൊജക്റ്റിന്ന 26.11.2016 – ന്ന ഗ്രാമപഞ്ചായത്ത് തീരുമാനം 2 പ്രകാരം നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ 1291 ഗുണഭോക്താക്കളെ മാത്രമാണ് ഉൾപ്പെടുത്തിയത്. തുടർന്ന 30.3.2017-ലെ 4(1) തീരുമാനപ്രകാരം 333 ഗുണഭോക്താക്കളുടെ അഡീഷണൽ ലിസ്റ്റ് നൽകിയെങ്കിലും ഈ ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഗ്രാമസഭ തെരഞ്ഞെടുത്തതിന്റെ രേഖകൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23 /2.8.2016 -ന്ന ഗ്രാമസഭയുടെ സാധൂകരണം വാങ്ങുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. ഗ്രാമസഭ തെരഞ്ഞെടുക്കാതെ ഭരണസമിതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയത് ക്രമപ്രകാരമല്ല.

1300 ഗുണഭോക്താക്കൾ മാത്രമാണ് ഈ പ്രൊജക്റ്റിൽ ആനുകൂല്യം കൈപറ്റിയത് . ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക 726/-രൂപ ക്വാട്ട് ചെയ്ത ബയോസ്ഫിയർ ബയോഗ്യാസ് പ്ലാന്റ് തിരുവനന്തപുരം എന്ന സ്ഥാപനം മുഖേനയാണ് പ്രൊജക്റ്റ് പൂർത്തിയാക്കിയത്. ഈ പ്രൊജക്റ്റിന്ന ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 931500 രൂപയിൽ 223650 രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുക തിരിച്ചടക്കേണ്ടതാണ്.

## 3-3 വെള്ളക്കരം അടവ് സംബന്ധിച്ച തർക്കം പരിഹരിക്കേണ്ടതാണ്.

വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 – ൽ സംയുക്ത പരിശോധന നടത്താത്തതിനാൽ നിലവിലില്ലാത്ത വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം അടക്കുന്നത് സംബന്ധിച്ച പരാമർശം ഉൽപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തുകളിൽ തുടർനടപടികൾ ഇല്ലാത്തതിനാൽ സംയുക്ത പരിശോധന നടത്തിയതിന്ന ശേഷം മാത്രം തുടർന്ന് വെള്ളക്കരം അടച്ചാൽ മതിയെന്ന 6.5.2015 -ലെ 21-ാം നമ്പറായി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും തീരുമാനം 20. 5.2015 ലെ എ1/2218/13 നമ്പർ കത്ത് വഴി വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ചെയ്തു. വാട്ടർ അതോറിറ്റി തുടർന്നും 150 പൊതുടാപ്പുകൾക്കുള്ള കരം ഡിമാന്റ് ചെയ്യുകയും അടവാക്കാത്ത തുകക്ക് പിഴ ചുമത്തുകയും ചെയ്തു. 26.10.2015-ന്ന പൂർത്തിയാക്കിയ സംയുക്ത പരിശോധനയിൽ 94 പൊതുടാപ്പുകൾ മാത്രമാണുള്ളതെന്ന കണ്ടെത്തി. 6/2015 മുതൽ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പൊതുടാപ്പുകൾക്കുള്ള കരം മാത്രമേ അടവാക്കുകയുള്ളൂ എന്നും അത് പ്രകാരം ബില്ലുകൾ ക്രമപ്പെടുത്തി നൽകണമെന്നും വണ്ടൂർ ഗ്രാമപഞ്ചായത്തി ആവശ്യപ്പെട്ടെങ്കിലും വാട്ടർ അതോറിറ്റി തയ്യാറല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് തുക അടവാക്കാതിരിക്കുകയും പിഴ കൂടിവരികയും ചെയ്തു. 2017 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് 1279318 രൂപ നൽകാനുണ്ട്. നൽകാനുള്ള തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 6/2015 മുതൽ 10/2015 വരെ | 65625 *5 | 328125 |

| | | |
|---|---|---|
| (150 ടാപ്പുകൾക്ക്) | | |
| 11/2015 മുതൽ 3/2017 വരെ (94 ടാപ്പുകൾക്ക്) | 41125 * 17 | 699125 |
| ഫൈൻ | | 25 2068 |
| ആകെ | | 1279318 |

വൗച്ചര് നമ്പർ 21601002/30.3.17 പ്രകാരം 685000 രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയെങ്കിലും ഇത് സംബന്ധിച്ച തർക്കത്തിന്ന പരിഹാരമായിട്ടില്ല. വാട്ടർ അതോറിറ്റിയുടെ വെള്ളക്കരം അടവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി.) 2242/11 തസ്വഭവ തിയ്യതി 28.9.2011 പ്രകാരം ഈ വിഷയത്തിലെ തർക്കങ്ങൾ പരിഹരിക്കാൻ പഞ്ചായത്ത് ഡയറക്ടർ കൺവീനറായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ വിഷയം ഈ കമ്മറ്റിയുടെ മുമ്പാകെ കൊണ്ട്വന്ന പരിഹരിക്കുന്നതിന്ന ഗ്രാമപഞ്ചായത്ത് ശ്രമം നടത്തേണ്ടതാണ്.

## 3-4 പരിരക്ഷ പദ്ധതി - അപാകതകൾ സംബന്ധിച്ച്.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | S 0044/17 | |
| വിനിയോഗിച്ച തുക | 7,20,000/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 01/16-17 / 26.11.2017 | 1,29,900/- രൂപ. |
| | 03/16-17 / 25.02.2017 | 75,950/- രൂപ. |
| | 04/16-17 / 16.02.2017 | 1,80,000/- രൂപ. |
| | 05/16-17 / 28.03.2017 | 86,070/- രൂപ. |
| | 06/16-17 / 29.03.2017 | 63,000/- രൂപ. |
| | 07/16-17 / 29.03.2017 | 65,080/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വണ്ടൂർ | |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം.4/2016/തസ്വഭവ തിയ്യതി.11.01.2016) ഖണ്ഡിക 11.7(iii) പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ സ.ഉ (സാധാ) 3217/2015 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടായിരിക്കണം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിരക്ഷാ നേഴ്സിന്റെ ഹോണറേറിയം, വാഹനവാടക, പരിരക്ഷാനേഴ്സിന്റെ ഫോൺ അലവൻസ് എന്നീ ഇനങ്ങളിലാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത് . ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1).ബിൽ നം.04/16-17/16.02.2017 പ്രകാരം 1,80,000/- രൂപ മരുന്നുകളും, ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഇവ ഇതുവരെ ലഭ്യമായിട്ടില്ല. തുക കൈപ്പറ്റിയതിന്ന രസീതി ലഭ്യമാക്കിയിട്ടില്ല. പണം കൈപ്പറ്റിയതിന്റെ വിവരം, മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമായതിന്റെ വിവരം, സ്റ്റോക്ക്, ഇഷ്യു വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2).പാലിയേറ്റീവ് പരിചരണത്തിനായി പോകുന്ന ദിവസങ്ങളിൽ പ്രതിദിനം 100/- രൂപ നിരക്കിൽ രണ്ട് ആശ വർക്കർമാർക്ക് 200/- രൂപ ഇൻസന്റീവ് അനുവദിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം ഇപ്രകാരം തുക ചെലവഴിക്കുന്നതിന് അനുമതിയില്ല. ഇപ്രകാരം ഇൻസന്റീവ് അനുവദിച്ചതിലൂടെ 31,000/- രൂപ അധികച്ചെലവ് വന്നിട്ടുണ്ട്. ഈയിനത്തിൽ തുക ചെലവഴിക്കുന്നതിന് അനുമതിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

3). പാലിയേറ്റീവ് നഴ്സിന് മാസം തോറും 400/- ടെലഫോൺ അലവൻസ് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 4800/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

4). പരിരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി ബി.സി.എൽ സർജിക്കൽസിൽ നിന്നും ആറ് സൈഡ് റൈൽ കോട്ട് വാങ്ങിയിട്ടുണ്ട്. രോഗികൾക്കാവശ്യമായ വാട്ടർബെഡ്, വീൽചെയർ, കമോഡ്, യൂറിനൽ, ക്രച്ചസ്, വാക്കർ തുടങ്ങിയ വാങ്ങുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളത്.ഇവ ആവശ്യാനുസരണം രോഗികൾക്ക് നൽകുകയും ആവശ്യം കഴിഞ്ഞതിന് ശേഷം തിരികെ വാങ്ങി മറ്റൊരു രോഗിക്ക് നൽകുകയും ചെയ്യുക എന്ന രീതിയാണ് അവലംബിക്കേണ്ടത്.ഇവയുടെ സൂക്ഷിപ്പ് ചുമതല ആരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റിനായിരിക്കുന്നതുമാണ്. ഇവ രോഗികൾക്ക് നൽകുന്നതും തിരികെ വാങ്ങിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ water bed, Wheel Chair and other Applainces Movement Registeril ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിക്കാതെ ഇവ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കാൻസർ രോഗികൾ, ശരീരം തളർന്നു കിടപ്പിലായ രോഗികൾ, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള രോഗികൾ തുടങ്ങി അവശത അനുഭവിക്കുന്ന രോഗികളുടെ ശാരീരികവും, മാനസികവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി, അനാവശ്യ ചെലവുകൾ ഒഴിവാക്കി, പൊതുസമൂഹത്തിന്റെ പരമാവതി പിന്തുണയോടെ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.04/29.07.2017- മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-5 തെരുവു നായ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാ പഞ്ചായത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ പദ്ധതി - അപാകതകൾ സംബന്ധിച്ച്.

പ്രൊജക്ട് നമ്പർ. S0198/17 : തെരുവുനായ നിയന്ത്രണ പദ്ധതി

ചെക്ക് നമ്പർ. 7155760/25.01.2017 - Rs. 1,00,000/-

ഈ ചെക്കുപ്രകാരം പഞ്ചായത്ത് അനുവദിച്ച തനതു ഫണ്ടു തുകയായ 1,00,000 രൂപ , തെരുവു നായ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാ പഞ്ചായത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ എന്നു രേഖപ്പെടുത്തിയ പ്രൊജക്ടു പ്രകാരം മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടരുടെ പേരിലുള്ള 799011400000305 എന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.01.2017ലെ P4-3632/16 കത്തു പ്രകാരമുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്.

പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1).പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമല്ല. തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2).ജില്ലാ പഞ്ചായത്തിനു വേണ്ടിയുള്ള തുക നിർവഹണ ഉദ്യോഗസ്ഥന്റെ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റിയതുമൂലം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉൾപ്പെടാതെ വരുന്നു. തുക കൈപ്പറ്റിയതിന് ജില്ലാ പഞ്ചായത്തിന്റെ രശീതി നൽകിയിട്ടില്ല. മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ രശീതി നമ്പർ പോലുമില്ലാത്ത കൈപ്പറ്റ് ചീട്ട് മാത്രമാണ് നൽകിയിട്ടുള്ളത്. ഈ തുക ജില്ലാ പഞ്ചായത്തിന്റെ വാർഷികക്കണക്കിൽ ഉൾപ്പെടുത്തേണ്ടതും, ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കേണ്ടതുമായതിനാൽ, ജില്ലാ പഞ്ചായത്തിനു കൈമാറേണ്ടതായിരുന്നു.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.05/29.07.2017)

# 3-6 തുല്ല്യതാ പരീക്ഷ - നിർവഹണത്തിലെ അപാകതകൾ.

പ്രൊ. നം.S0062/17:തുല്ല്യതാ പരീക്ഷ

ബിൽ നം.2/16-17 / 16.03.2017 - Rs. 1,00,000/-

ചെക്ക് നം1422132/06/02/2017-RS.50,000

തുല്ല്യതാ പരീക്ഷ എന്ന പ്രൊജക്ട് ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നവയാണ്

| ചെലവിനം | തുക |
|---|---|
| മുന്നൊരുക്കങ്ങൾ,നോട്ടീസ്,ബാനർ | 8450 |
| | 8450(തനതു ഫണ്ട്) |
| ചായ,ഭക്ഷണം | 20940 |
| | 6150(തനതു ഫണ്ട്) |
| പേന,പേപ്പർ,സ്റ്റേഷനറി,ബുക്ക്,സ്ളേറ്റ് | 17575 |
| | 8550(തനതു ഫണ്ട്) |
| ടീച്ചേഴ്സ് ട്രൈനിങ്ങ് | 3600 |
| | 1800(തനതു ഫണ്ട്) |
| യാത്രാബത്ത | 48000 |
| | 24000(തനതു ഫണ്ട്) |
| ഡി.ടി.പി,ഫോട്ടോസ്റ്റാറ്റ് | 1615 |
| | 1150(തനതു ഫണ്ട്) |
| ആകെ | 150280<br>(150000 ആയി നിജപ്പെടുത്തിയിരിക്കുന്നു) |

സബ്സിഡി മാർഗരേഖ സ.ഉ (എം.എസ്)നം 4/2016/തസ്വഭവ തിയതി 11.01.2016 ഭാഗം 4 ഖണ്ഡിക 11.6(4) പ്രകാരം സാക്ഷരതാ കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യം ഒരുക്കുക, വിവിധ ക്ലാസുകളിൽ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക,കേരള സംസ്ഥാന സാക്ഷരതാ മിഷന് അടക്കേണ്ട ഫീസ് നൽകുക എന്നീ ചെലവുകൾ മാത്രമേ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഇതിനു വിരുദ്ധമായി തുക ചെലവഴിച്ചതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അതിനാൽ 1,50,000/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രീമതി വിജയകുമാരി. കെ.പി. (ഹെഡ് മിസ്ട്രസ്സ് )-യിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-7 അസിസ്റ്റന്റ് എഞ്ചിനിയർ: രജിസ്റ്ററുകളിലെ അപാകതകൾ.

വണ്ടൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

<u>1) TR 7A കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.</u>

ഗ്രാമ പഞ്ചായത്തു കാര്യാലയത്തിൽ ഉപയോഗിക്കുന്ന "പ്രൊഫഷനൽ ടാക്സ് ഡിമാൻഡ് രജിസ്റ്റർ" എന്ന രജിസ്റ്ററാണ് കാഷ് ബുക്കായി ഉപയോഗിച്ചു വരുന്നത്. ഈ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ നാളിതു വരെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തെറ്റായ രജിസ്റ്റർ ഉപയോഗിക്കാനിടയായതിനും, ഗ്രാമ പഞ്ചായത്തു കാര്യാലയത്തിൽ നികുതി വരവുകൾക്കായി ഉപയോഗിക്കേണ്ട രജിസ്റ്റർ, അർഹതപ്പെടാത്തയാൾക്ക് വിതരണം ചെയ്ത സെക്രട്ടറിയുടെ നടപടിക്കും, വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2016-17 സാമ്പത്തിക വർഷത്തിൽ, 3 അസിസ്റ്റന്റ് എഞ്ചിനിയർമാർ ചുമതല വഹിച്ചതായി കാണുന്നു. എന്നാൽ കാഷ് ബുക്ക് (ഖണ്ഡിക 1-ൽ പരാമർശിച്ചത്), ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് വർക്ക് എന്നിവയിലൊന്നും ചുമതല കൈമാറിയതു സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. നിയമ പ്രകാരം ചെയ്യേണ്ട ടി നടപടി കൈക്കൊള്ളാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ട്രഷറി ബിൽ ബുക്കിൽ 2-11-16നും 17-3-17നും ഇടയിലുള്ള ഏതോ തിയ്യതിയിൽ ശ്രീ. മുഹമ്മദ് അൻസാർ. പി.കെ, ശ്രീ. സുബിൻ. എസ്.ജെ-യ്ക്ക് ചുമതല കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പേര്, തിയ്യതി എന്നിവ ചേർത്തിട്ടില്ല. ഔദ്യോഗിക രേഖകളിൽ ഒപ്പു വയ്ക്കുമ്പോൾ തിയ്യതി രേഖപ്പെടുത്തണമെന്ന നിർദേശം പാലിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ടെണ്ടർ രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ടെണ്ടർ ലഭിച്ച തിയ്യതി (കോളം 3), EMD വിവരങ്ങൾ (കോളം 4,5), ടെണ്ടർ അംഗീകരിച്ച തീരുമാനം (കോളം 8), എന്നിവ പൊതുവെ ചേർത്തു കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) എഗ്രിമെന്റ് രജിസ്റ്ററിലും പല വിവരങ്ങളും ചേർക്കുന്നില്ല. PAC (കോളം 6), സെക്യൂരിറ്റി തുക (കോളം 7), പൂർത്തീകരണ തിയ്യതി (കോളം 10), എന്നിങ്ങനെ പ്രധാനപ്പെട്ട വിവരങ്ങൾ ചേർക്കാത്തത്, രജിസ്റ്ററിന്റെ പ്രാഥമികമായ ഉപകാരം പോലും ഇല്ലാതാക്കുന്ന നടപടിയാണ്. 2015-16 ലെ 100 പേജുള്ള രജിസ്റ്ററിൽ 40 പേജുകൾ മാത്രം രേഖപ്പെടുത്തിയ ശേഷം തുടർന്നുള്ള പേജുകൾ റദ്ദ് ചെയ്യാതെ 2016-17-ലെ കരാറുകൾ ചേർക്കാൻ പുതിയ രജിസ്റ്റർ ഉപയോഗിച്ചത് ക്രമത്തിലല്ല. ഔദ്യോഗിക രജിസ്റ്ററുകൾ തുടർച്ചയായി ഉഫയോഗിക്കുകയും, താളുകൾ തീരുന്ന മുറയ്ക്ക് വ്യക്തമായ സാക്ഷ്യപത്രം രേഖപ്പെടുത്തി അടുത്ത വോള്യം ഉപയോഗിക്കുകയുമാണ് വേണ്ടത്. ഇതിനു വിപരീതമായ നടപടി പല

ക്രമക്കേടുകൾക്കും ഇടയാക്കുന്നതാണ്. 2015-16-ലെ രജിസ്റ്ററിൽ പേജ് 39, 40 എന്നിവയിൽ പെൻസിൽ ഉപയോഗിച്ചാണ് എഴുതിയിട്ടുള്ളതെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 3-8 അസിസ്റ്റന്റ് എഞ്ചിനിയരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

വണ്ടൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBT (SBI) വണ്ടൂർശാഖയിൽ 67054202087 നമ്പരിൽ ഉള്ള സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ 30-5-17ന് (അവസാനം ഇടപാടുകൾ രേഖപ്പെടുത്തിയ തിയ്യതി) 1,32,560 രൂപ നീക്കിയിരിപ്പ് ഉണ്ട്. അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശം വ്യക്തമാക്കുകയും, അവ ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 3-9 പ്രൊജക്ട് നം. 142/17ഊട്ടുപുറം അങ്കണവാടി റോഡ് മെറ്റലിങ്. :അപാകതൾ.

വൗച്ചർ നം. 33/17/21-3-17 Rs. 3,00,000 (MG-R)

പ്രൊജക്റ്റ് നം. 142/17: ഊട്ടുപുറം അങ്കണവാടി റോഡ് മെറ്റലിങ്.

കരാർ നം. 3/2-3-17 (കൺവീനർ ശ്രീ. അജിമോൻ)

3.20 മീറ്റർ വീതിയിൽ 160മീറ്റർ നീളത്തിൽ റോഡ് മെറ്റലിങ് ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. താഴെ പറയുന്ന 6 ഇനങ്ങളാണ് എസ്റ്റിമേറ്റിലുള്ളത്.

| | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | 16.1 Preparation of Sub grade | 512 m2 | 103.5/m2 | 52992 |
| 2 | 51.2.2 Filling with earth | 34.241 m3 | 684.54/m3 | 23439.33 |
| 3 | 16.3.2 S&S 63mm-45mm bs | 47.360m3 | 1716.37/m3 | 81287.28 |
| 4 | 16.3.7 S&S 11.2 bs | 10.240 m3 | 1872.70/m3 | 19176.45 |
| 5 | 16.3.9 S&S good earth | 4.608 m3 | 408.53/m3 | 1882.51 |
| 6 | 16.4 Laying etc. stone | 38.40 m3 | 541.12/m3 | 20779.01 |
| 6 | LS | | | 443 |
| | | | | |

| | | | | |
|---|---|---|---|---|
| | TOTAL | | | 2,00,000 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ ബില്ലിൽ MB No. രേഖപ്പെടുത്തിയിട്ടില്ല. ഫയലിനോടൊപ്പം ലഭ്യമാക്കിയ അളവു പുസ്തകത്തിലും നമ്പർ രേഖപ്പെടുത്തുകയോ മറ്റു സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. അളവു പുസ്തകത്തിന്റെ ആധികാരികതയും ആയതു ലഭ്യമായ രീതിയും വ്യക്തമാക്കേണ്ടതാണ്.

2) ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ഈ പദ്ധതിക്കായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. ഗുണഭോക്തൃ സമിതി മിനിട്സിലും ഇതു സംബന്ധിച്ച യാതൊരു പരാമർശവുമില്ല. കൺവീനറുടെ വ്യക്തിഗത SB A/C ന്റെ ആദ്യ പേജിന്റെ ( KGB a/c No. 40168100112320) പകർപ്പാണ് ഫയലിലുള്ളത്.

3) പ്രവൃത്തിയ്ക്കായി മെറ്റീരിയൽ വാങ്ങിയതിന്റെയോ, റോളർ വാടകക്കെടുത്തതിന്റെയോ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

4) ഗുണഭോക്തൃ സമിതി മിനിട്സിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ ചെലവു താഴെ ചേർക്കുന്നു.

| | |
|---|---|
| ലേബർ ചാർജ് | 58,150 |
| മെറ്റീരിയൽ വൗച്ചർ | 1,42,200 |
| റോളർ വാടക | 10,000 |
| ആകെ | 2,10,350 |

മസ്റ്റർ റോൾ മാത്രമാണ് ഫയലിലുള്ളത്. മെറ്റീരിയൽ വാങ്ങിയതിന്റെ ബിൽ ഇല്ല, ചെലവു കണക്കുകൾ ഒരു തുണ്ടു കടലാസിൽ രേഖപ്പെടുത്തി വച്ചതു മാത്രമാണ് ഫയലിലുള്ളത്.

5) ഒരു സാധനത്തിന്റെയും അഡികൃസി (ആവശ്യകതാ അളവ്) അളവു പുസ്തകത്തിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിന്റെ Part VI- Material Account ലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6) ക്രമ നമ്പർ (4)-ൽ പരാമർശിച്ച മസ്റ്റർ റോൾ മാത്രം ലഭ്യമാക്കിയതിനാൽ മറ്റു സാധനങ്ങൾ പ്രാദേശികമായി ലഭ്യമായതായി കാണുന്നു. ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ, ഇടപാടുകൾ നടത്തുകയോ ചെയ്യാത്തതിനാൽ യഥാർത്ഥ ചെലവിനു രേഖയില്ല. അതിനാൽ കൺവീനർക്ക് അനുവദിച്ച 1,84,,000 രൂപയിൽ (2,00,000- 16,000 Taxes) രേഖകൾ ഹാജരാക്കിയ 58,150 കിഴിച്ചുള്ള 1,25,850 രൂപയ്ക്ക് അർഹതയില്ല.

7) ഇനം 1 പ്രവൃത്തി 154 m നീളത്തിൽ ശരാശരി 3m വീതിയിൽ 406 .65 m2 വിസ്തൃതിയിലും, ഇനം 2 പ്രവൃത്തി 58.4 m നീളത്തിൽ 2.5 m മുതൽ 3m വീതിയിൽ ശരാശരി 25cm കനത്തിലും ചെയ്തിട്ടുണ്ട്. ഇനം 6 പ്രവൃത്തി 200m നീളത്തിലാണ് ചെയ്തിട്ടുള്ളത്. ഇനം 1 ഉം 2 ഉം ചേർന്നാൽ 212.4m നീളത്തിൽ ചെയ്തിട്ടുണ്ട്. ഇനം 1 ചെയ്ത സ്ഥലത്ത് ഇനം 2 ചെയ്യേണ്ടതില്ലാത്തതിനാലും, ആകെ പ്രവൃത്തി ചെയ്ത നീളം 200m മാത്രമായതിനാലും, ഇനം 2-ൽ അധികം ചെയ്ത 12.4 m നീളത്തിലുള്ള, ഏറ്റവും കുറഞ്ഞത് 2.5m വീതിയിൽ ശരാശരി 25cm കനത്തിലുള്ള , താഴെ ചേർത്ത അളവ് അംഗീകരിക്കുന്നില്ല.

12.4x2.5x0.25= 7.75 m3 @ 684.54/m3= 5305.185

5305രൂപ തിരിച്ചീടാക്കേണ്ടതാണ്.

(അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-10 പ്രൊജക്ട് നം. 210/17വലിയ പൊയിൽ മുതുകാാട് റോഡ് കോൺക്രീറ്റ്. :അപാകതൾ.

വൗച്ചർ നം. 48/17/28-3-17 Rs. 3,00,000 (തനത്)

പ്രൊജക്റ്റ് നം. 210/17: വലിയ പൊയിൽ മുതുകാട് റോഡ് കോൺക്രീറ്റ്.

കരാർ നം. 103/2-3-17 (കൺവീനർ ശ്രീ. ഉണ്ണികൃഷ്ണൻ.കെ)

3 മീറ്റർ വീതിയിൽ 85മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. താഴെ പറയുന്ന 5 ഇനങ്ങളാണ് എസ്റ്റിമേറ്റിലുള്ളത്.

| | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | 2.28.1 Surface dressing etc | 255 m2 | 15.86/m2 | 4044.30 |
| 2 | 50.2.25.1 Filling with own earth | 14.041 m3 | 384.28/m3 | 5395.68 |
| 3 | od.227949/16-17 Filling quqrry muck | 19.44 m3 | 831.58/m3 | 16165.92 |
| 4 | 4.1.8 Providing CC 1:4:8 | 25.5 m3 | 5475.71/m3 | 139630.61 |
| 5 | 4.1.3 Providing CC 1:2:4 | 19.125 m3 | 6959.04/m3 | 133091.64 |
| 6 | LS | | | 1672 |
| | TOTAL | | | 3,00,000 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ ബില്ലിൽ MB No. 128/16-17 എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയലിനോടൊപ്പം ലഭ്യമാക്കിയ അളവു പുസ്തകത്തിൽ നമ്പർ രേഖപ്പെടുത്തുകയോ മറ്റു സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. അളവു പുസ്തകത്തിന്റെ ആധികാരികതയും ആയതു ലഭ്യമായ രീതിയും വ്യക്തമാക്കേണ്ടതാണ്.

2) ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ഈ പദ്ധതിക്കായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. ഗുണഭോക്തൃ സമിതി മിനിട്സിലും ഇതു സംബന്ധിച്ച യാതൊരു പരാമർശവുമില്ല.

3) പ്രവൃത്തിയ്ക്കായി മണ്ണ്, ക്വാറി മക്ക്, മെറ്റൽ, മണൽ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

4) ഗുണഭോക്തൃ സമിതി മിനിട്സിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ ചെലവു താഴെ ചേർക്കുന്നു.

| | |
|---|---|
| ലേബർ ചാർജ് | 58,000 |
| സിമന്റ് ബിൽ | 84,800 |
| മെറ്റീരിയൽ വൌച്ചർ | 1,48,750 |
| ആകെ | 2,91,550 |

212 ബാഗ് സിമന്റ് വാങ്ങിയതിന്റെ ബില്ലും, മസ്റ്റർ റോളും മാത്രമാണ് ഫയലിലുള്ളത്. മെറ്റീരിയൽ വാങ്ങിയതിന്റെ ബിൽ ഇല്ല, ചെലവു കണക്കുകൾ ഒരു തുണ്ടു കടലാസിൽ രേഖപ്പെടുത്തി വച്ചതു മാത്രമാണ് ഫയലിലുള്ളത്.

5) സിമന്റ് ഉൾപ്പെടെ ഒരു സാധനത്തിന്റെയും അഡിക്വസി (ആവശ്യകതാ അളവ്) അളവു പുസ്തകത്തിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിന്റെ Part VI- Material Account ലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6) ക്രമ നമ്പർ (4)-ൽ പരാമർശിച്ച സിമന്റ് ബിൽ, മസ്റ്റർ റോൾ എന്നിവ മാത്രം ലഭ്യമാക്കിയതിനാൽ മറ്റു സാധനങ്ങൾ പ്രാദേശികമായി ലഭ്യമായതായി കാണുന്നു. ബാങ്ക് അക്കൌണ്ട് തുടങ്ങുകയോ, ഇടപാടുകൾ നടത്തുകയോ ചെയ്യാത്തതിനാൽ യഥാർത്ഥ ചെലവിനു രേഖയില്ല. അതിനാൽ കൺവീനർക്ക് അനുവദിച്ച 2,76,000 രൂപയിൽ (3,00,000- 24,000 Taxes) രേഖകൾ ഹാജരാക്കിയ 1,42,800 കിഴിച്ചുള്ള 1,33,200 രൂപയ്ക്ക് അർഹതയില്ല.

7) ഇനം 2 ഫില്ലിംഗ് പ്രവൃത്തി 3-3-17 നും ഇനം 1 സൈറ്റ് ക്ലിയറിംഗ് പ്രവൃത്തി 6-3-17 നും താഴെ പറയുന്ന അളവിൽ അളവെടുത്തതായി കാണുന്നു.

ഇനം 2 : 30x 2.50x 0.2 = 15 m3

ഇനം 1: 86x 3 = 258 m2

റോഡിന്റെ ആകെ പ്രവൃത്തി ചെയ്ത വിസ്തൃതി 86x3=258m2 ആയിരിക്കെ 3-3-17ന് ഇനം 2 ചെയ്ത അളവ് കുറയ്ക്കാതെ 6-3-17ന് ഇനം 1 പ്രവൃത്തി അളവെടുത്തതായി രേഖപ്പെടുത്തിയത് ക്രമത്തിലല്ല. ഈയിനത്തിൽ താഴെ പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

ഇനം 1 ൽ ഉൾപ്പെട്ട ഇനം 2 വിസ്തൃതി= 30x2.50=75m2

75m2 @15.86/m2= 1189.5

1190 രൂപ തിരിച്ചീടാക്കേണ്ടതാണ്.

(അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-11 ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കൽ.

വണ്ടൂർ ഗ്രാമ പഞ്ചായത്തിൽ നാളിതു വരെ E-Tender ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവു വന്നിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് .

(അസിസ്റ്റന്റ് എഞ്ചിനിയർക്കുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-12 പ്രൊജക്ട് നം. 213/17ഊട്ടുപുറം റോഡ് കോൺക്രീറ്റ് :അപാകതൾ.

വൌച്ചർ നം. 60/17/30-3-17 Rs. 3,00,000 (തനത്)

പ്രൊജക്റ്റ് നം. 213/17: ഊട്ടുപുറം റോഡ് കോൺക്രീറ്റ്.

കരാർ നം. 103/2-3-17 (കൺവീനർ ശ്രീ. അജിമോൻ.പി.ആർ )

താഴെ പറയുന്ന 5 ഇനങ്ങളാണ് എസ്റ്റിമേറ്റിലുള്ളത്.

| | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | 2.28.1 Surface dressing etc | 210 m2 | 15.86/m2 | 3330.60 |
| 2 | 50.2.25.1 Filling with own earth | 20.160 m3 | 384.28/m3 | 7747.08 |
| 3 | od.227949/16-17 Filling quqrry muck | 29.461 m3 | 831.58/m3 | 24499.18 |
| 4 | 4.1.8 Providing CC 1:4:8 | 15.30 m3 | 5475.71/m3 | 83778.36 |
| 5 | 4.1.3 Providing CC 1:2:4 | 11.475 m3 | 6959.04/m3 | 79854.98 |
| 6 | LS | | | 790 |
| | TOTAL | | | 2,00,000 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതൾ താഴെ ചേർക്കുന്നു.

1) ഫയലിനോടൊപ്പം ലഭ്യമാക്കിയ അളവു പുസ്തകത്തിൽ നമ്പർ രേഖപ്പെടുത്തുകയോ മറ്റു സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. അളവു പുസ്തകത്തിന്റെ ആധികാരികതയും ആയതു ലഭ്യമായ രീതിയും വ്യക്തമാക്കേണ്ടതാണ്.

2) ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ഈ പദ്ധതിക്കായി ബാങ്ക് അക്കൌണ്ട് ആരംഭിച്ചതായി കാണുന്നില്ല. ഗുണഭോക്തൃ സമിതി മിനിട്സിലും ഇതു സംബന്ധിച്ച യാതൊരു പരാമർശവുമില്ല.

3) പ്രവൃത്തിയ്ക്കായി മണ്ണ്, ക്വാറി മക്ക്, മെറ്റൽ, മണൽ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. സിമന്റ് വാങ്ങിയതിന്റെ ബില്ലും, മസ്റ്റർ റോളും മാത്രമാണ് ഫയലിലുള്ളത്. മെറ്റീരിയൽ വാങ്ങിയതിന്റെ ബിൽ ഇല്ല, ചെലവു കണക്കുകൾ ഒരു തുണ്ടു കടലാസിൽ രേഖപ്പെടുത്തി വച്ചതു മാത്രമാണ് ഫയലിലുള്ളത്.

4) സിമന്റ് ഉൾപ്പെടെ ഒരു സാധനത്തിന്റെയും അഡ്വിക്വസി (ആവശ്യകതാ അളവ്) അളവു പുസ്തകത്തിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിന്റെ Part VI- Material Account ലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5) ക്രമ നമ്പർ (3)-ൽ പരാമർശിച്ച സിമന്റ് ബിൽ, മസ്റ്റർ റോൾ എന്നിവ മാത്രം ലഭ്യമാക്കിയതിനാൽ മറ്റ സാധനങ്ങൾ പ്രാദേശികമായി ലഭ്യമായതായി കാണുന്നു. ബാങ്ക് അക്കൌണ്ട് തുടങ്ങുകയോ, ഇടപാടുകൾ നടത്തുകയോ ചെയ്യാത്തതിനാൽ യഥാർത്ഥ ചെലവിനു രേഖയില്ല. അതിനാൽ കൺവീനർക്ക് അനുവദിച്ച 1,84,000 രൂപയിൽ (2,00,000- 16,000 Taxes) രേഖകൾ ഹാജരാക്കിയതിനു പുറമെ നല്കിയതുകയ്ക്ക് അർഹതയില്ല.

7) ഇനം 1 സൈറ്റ് ക്ലിയറിംഗ് പ്രവൃത്തി, ഇനം 2 ഫില്ലിംഗ് പ്രവൃത്തി എന്നിവ താഴെ പറയുന്ന അളവിൽ അളവെടുത്തതായി കാണുന്നു.

ഇനം 2 : 45x 2.50x 0.2 = 22.5 m3

ഇനം 1: 60x 3 = 180 m2

റോഡിന്റെ ആകെ പ്രവൃത്തി ചെയ്ത വിസ്തൃതി 60x3=180m2 ആയിരിക്കെ ഇനം 2 ചെയ്ത അളവ് കുറയ്ക്കാതെ ഇനം 1 പ്രവൃത്തി അളവെടുത്തതായി രേഖപ്പെടുത്തിയത് ക്രമത്തിലല്ല. ഈയിനത്തിൽ താഴെ പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

ഇനം 1 ൽ ഉൾപ്പെട്ട ഇനം 2 വിസ്തൃതി= 45x2.50=112.50m2

112.50m2 @15.86/m2= 1784.25

1784 രൂപ തിരിച്ചീടാക്കേണ്ടതാണ്.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-13 ഫണ്ട് വിനിയോഗം ഫലപ്രദമല്ലാത്തതിനാൽ തുക നഷ്ടപ്പെടുന്നു.

വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16, 2016-17 വർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

2015-16

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു) | 1,46,06,000 | 7395443 | 13892809 | 21288252 | 20753507 | 97.49 | 534745 |
| വികസനഫണ്ട് (പ്രത്യേകഗ്രാന്റ്) | 15,00,000 | 165002 | 1500000 | 1665002 | 1664095 | 99.95 | 907 |
| വികസന ഫണ്ട് (SCP) | 105,40,000 | 19,55,909 | 105,40,000 | 12495909 | 12151216 | 97.24 | 344693 |
| വികസന ഫണ്ട് (TSP) | - | 1,14,000 | - | 1,14,000 | 1,14,000 | 100 | |
| സംരക്ഷണഗ്രാന്റ് | 12139000 | 3261322 | 123139000 | 15400322 | 14164060 | 91.19 | 1236262 |
| 13 ധനകാര്യ കമീഷൻ | 74,29,000 | 38,78,965 | 1,11,22,762 | 1,50,01,727 | 87,71,672 | 58 | 62,30,055 |
| ലോക ബാങ്ക് | - | 51,21,019 | - | 51,21,019 | 51,21,019 | 100 | - |
| | | | | | | | |
| ആകെ | 4,62,14,000 | 2,18,91,660 | 4,91,94,571 | 7,10,86,231 | 6,27,39,569 | 88 | 83,46,662 |

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു) | 1,98,47,427 | - | 1,98,47,427 | 1,98,47,427 | 1,46,87,668 | 74 | 51,59,759 |
| വികസനഫണ്ട് (SCP) | 1,18,04,877 | - | 1,18,04,877 | 1,18,04,877 | 57,77,737 | 49 | 60,27,140 |
| വികസനഫണ്ട് (TSP) | 1,27,743 | - | 1,27,743 | 1,27,743 | 1,27,743 | 100 | - |
| സംരക്ഷണഗ്രാന്റ് | 1,33,67,310 | - | 1,33,67,310 | 1,33,67,310 | 29,29,327 | 22 | 1,04,37,983 |
| 13 ധനകാര്യ കമീഷൻ | 1,00,94,123 | - | 1,00,94,123 | 1,00,94,123 | 61,02,585 | 60 | 39.91,538 |
| ലോക ബാങ്ക് | 58,28,930 | - | 58,28,930 | 58,28,930 | - | - | 58,28,930 |
| ആകെ | 6,10,70,410 | - | 6,10,70,410 | 6,10,70,410 | 2,96,25,060 | 49 | 3,14,45,350 |

ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്ന്2016-17 വർഷം ഗ്രാന്റ് ആയി ആകെ ലഭിച്ച 6.1കോടി രൂപയിൽ 3.14 കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ഉൾപെടെ 6.1 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.96കോടി രൂപയുടെ (49% മാത്രം) പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. 2016-17 വർഷം ലഭ്യമായ പദ്ധതി തുകയിൽ പകുതിയിലധികം തുകയും കാലഹരണപ്പെട്ടു.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 3-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ- അപാകതകൾ

പ്രൊജക്ട് നം. 33/17 : ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ.

ബിൽ നം.1/2016-17/28-3-17. Rs.1,50,000

1). ഈ പ്രൊജക്ട് പ്രകാരം മരുന്ന വാങ്ങുന്നതിനായി 1,50,000രൂപ മുൻകൂറായി HOMCO-യ്ക്ക് നല്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രസീതി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഓഡിറ്റ് സമയത്തും ടി തുകയ്ക്കുള്ള മരുന്നുകൾ ഒന്നും ലഭിച്ചിട്ടുമില്ല.

2). മരുന്നുകൾ ഗഡുക്കളായിട്ട് ലഭിക്കുന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതും, മരുന്നുകൾ മുഴുവനായി ലഭിച്ച വിവരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിക്കേണ്ടതുമാണ്.

3). നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു നല്കുന്ന Annexure-C-VIII-ലുള്ള പ്രതിമാസ ചെലവു പത്രികയുടെ റിമാർക്സിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

4). മരുന്നുകൾ വാങ്ങുന്നതിനായി ഇൻഡന്റ് തയ്യാറാക്കിയതിന്റെ രേഖകൾ ഫയലിൽ കാണുന്നില്ല. ഇൻഡന്റ് തയ്യാറാക്കിയതിന്റെ മാനദണ്ഡവും വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ (ബുക്ക് നം. 19) പരിശോധിച്ചപ്പോൾ വർഷങ്ങൾക്കു മുമ്പ് വാങ്ങിയ പല മരുന്നുകളും ഒട്ടും ചെലവഴിക്കാതെ ഇപ്പോഴും അവശേഷിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റോക്കിലെടുത്ത തിയ്യതി | പേജ് നം. | മരുന്നിന്റെ പേര് | വാങ്ങിയ അളവ് | അവശേഷിക്കുന്ന അളവ് |
|---|---|---|---|---|---|
| 1 | 12-12-15 | 9 | Aesculus Hippo 1m | 100 ml | 100 ml |
| 2 | 20-11-14 | 10&70 | Alumina 1m | 200 ml | 200 ml |
| 3 | 23-9-14 | 12 | Arg Nit 1m | 100 ml | 100 ml |
| 4 | 12-12-15 | 14 | Acidum Flourium 1m | 200 ml | 200 ml |
| 5 | 12-12-15 | 15 | Arnica Mont 1m | 400 ml | 400 ml |
| 6 | 23-9-14 | 59 | Cuprum Met 1m | 200 ml | 200 ml |
| 7 | 23-9-14 | 75 | Ferrum Phos 1m | 100 ml | 100 ml |

ഇത്തരത്തിൽ മരുന്നുകൾ ഒട്ടും ചെലവഴിക്കാതെ അവശേഷിക്കാനിടയായതിന്റെ വിശദീകരണവും, കാലാവധിക്കകം അവ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറാനായി വല്ല നടപടിയും, ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെട്ടു ചെയ്തിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്.

(അപാകതകൾ പരിഹരിക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം. 2,3 നിർദേശങ്ങൾ തുടർന്ന് പാലിക്കുന്നതാണെന്നും, ക്രമ നം. 4-ൽ പരാമർശിച്ച മരുന്നുകൾ, ചേതന കാൻസർ ആശുപത്രിക്കായി വാങ്ങിയവയാണെന്നും, അവ പ്രയോജനപ്പെടുത്താൻ നടപടിയെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.)

ടി നടപടിയുടെ വിവരവും, മുൻകൂർ ക്രമീകരിച്ച വിവരവും അറിയിക്കുന്നതു വരെ 1,50,000 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | കാരക്കാ പറമ്പ് കുടിവെള്ള പദ്ധതി - വൈദ്യുതി ലൈൻ വലിക്കൽ | - | 13300 | 13300 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര് ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽതിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | സ.ഉ (സാ)നം.1090/2010/ തസ്വഭവ. തിയ്യതി: 24.03.2010 | 24000000 | 1992425 | 500000 | - | 1492425 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം സ്പിന്നിങ് മിൽ (ഷെയർ) | 1000 |
| | |

| | |
|---|---|
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ആശുപത്രി (ഷെയർ) | 2000 |
| ആകെ | 3000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 225927 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-2(സി) | 1250 | ഡോ.രേഖ, പി.എച്ച്.സി, വണ്ടൂർ | 11604103658 / 11.08.2016 |
| 2015-16 | 2-1 | 183495 | ശ്രീ.അബ്ദുൾ മജീദ് & അബ്ദുൾ നാസർ | 11602900042 / 28.12.2016 |
| 2015-16 | 2-2 | 27029 | ശ്രീ.രാമചന്ദ്രൻ & രജിത മാങ്കുന്നൻ വീട്, വണ്ടൂർ.പി.ഒ | 11604105238 / 04.10.2016, 11604105297 /06.10.2016 |
| 2015-16 | 3-5 | 7272 | പ്രിൻസിപ്പാൾ, ആര്യനെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മുണ്ടൂർ | 11604500028 / 09.01.2017 |
| 2015-16 | 3-7 | 2250 | ശ്രീ.സജിൽ റഹ്മാൻ, ടെക്നിക്കൽ അസിസ്റ്റന്റ് | 11604105444 / 15.10.2016 |
| 2013-14 | 2-5 | 4631 | ശ്രീ.മുഹമ്മദാലി, എടപ്പറ്റ വീട് | 10604500027 / 31.12.2016 |
| ആകെ | | 225927 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,37,48,445 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,91,51,012 |
| വരവിനങ്ങളിലുള്ള നഷ്ടം | 2539 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,58,279 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,30,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-4 | 2539 | | ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ്, സെക്രട്ടറി |
| 3-6 | | 1,50,000 | ശ്രീമതി വിജയകുമാരി.കെ.പി., ഹെഡ്മിസ്ട്രസ് |
| 3-9 | | 5305 | ശ്രീ.സുബിൻ.എസ്, അസി.എഞ്ചിനീയർ |
| 3-10 | | 1190 | ശ്രീ.സുബിൻ.എസ്, അസി.എഞ്ചിനീയർ |
| 3-12 | | 1784 | ശ്രീ.സുബിൻ.എസ്, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,80,000 | ഡോ.സി.ടി.പി. അബ്ദുൾ ഗഫൂർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. ) |
| 3-5 | 1,00,000 | ഡോ. ജയരാജൻ.പി., വെറ്ററിനറി സർജൻ |
| 3-14 | 1,50,000 | ഡോ. പ്രീത വി.കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ). |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ്, സെക്രട്ടറി | സെക്രട്ടറി,വണ്ടൂർ ഗ്രാമപഞ്ചായത്ത് | യാക്കിപറമ്പൻ വീട്, വടക്കുംമുറി, ഊർങ്ങാട്ടിരി.പി.ഒ |
| | | |

| | | |
|---|---|---|
| ശ്രീ.സുബിൻ.എസ്.ജെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | എസ്.ജെ.വില്ല, കിളിമാനൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/798/98 തി.03.10.1998 | 40 | |
| 1997-98 | എൽ.എഫ്.എം.6/693/10 തി.19.12.2010 | 2 | |
| 1998-99 | എൽ.എഫ്.എം.06/694/10 തി.31.12.2010 | 2 | |
| 1999-00 | എൽ.എഫ്.എം.06/695/10 തി.19.12.2010 | 3 | |
| 2001-02 | എൽ.എഫ്.എം.06/697/10 തി.31.12.2010 | 3 | |
| 2003-04 | എൽ.എഫ്.എം.06/699/10 തി.31.12.2010 | 1 | |
| 2004-05 | എൽ.എഫ്.എം.06/700/10 തി.31.12.2010 | 5 | |
| 2005-06 | എൽ.എഫ്.എം.06/1258/10 തി.29.07.2010 | 2 | |
| 2006-07 | എൽ.എഫ്.എം.06/1259/10 തി.29.07.2010 | 16 | |
| 2008-09 | എൽ.എഫ്.എം.06/1255/10 തി.10.11.2010 | 10 | |
| 2009-10 | എൽ.എഫ്.എം.06/1256/10 തി.11.11.2010 | 23 | |
| 2010-11 | എൽ.എഫ്.എം.05/988/13 തി.20.06.2013 | 15 | |
| 2011-12<br>2012-13 | എൽ.എഫ്.എം.6/1377/14 തി:08.09.2015 | 27 | |
| 2013-14 | കെ.എസ്.എ.എം.പി.എം.6/684/2015 തി:01.09.2015 | 10 | |
| 2014-15 | കെ.എസ്.എ.എം.പി.എം.6/550/2016 തി:21.04.2016 | 12 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/2699/2016 തി:07.10.2016 | 10 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.9/17

# Annexure - 1 AUDIT CERTIFICATE

KSA-MPM.6/1822/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated 30-08-2017

## CERTIFICATE

Certified that I have examined the Annual Financial Statement of Wandoor Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Wandoor Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

mac

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.6/1822/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി .30-08-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.